# വിനയത്തിന്റെ മഹത്വം

عَنْ أبى هُرَيْرَةَ رضي الله عنه عَنْ رَسُولِ اللَّهِ ﷺ قَالَ: مَا نَقَصَتْ صَدَقَةٌ مِنْ مَالٍ وَمَا زَادَ اللَّهُ عَبْدًا بِعَفْوٍ إِلاَّ عِزًّا وَمَا تَوَاضَعَ أَحَدٌ لِلَّهِ إِلاَّ رَفَعَهُ اللَّهُ

അബൂഹുറയ്റയിൽനിന്ന് നിവേദനം: പ്രവാചകൻ(സ) പറഞ്ഞു "ദാനം ധനത്തെ കുറക്കുകയില്ല. വിട്ടുവീഴ്ച അടിമയുടെ അന്തസ്സ് അധികരിപ്പിക്കുകയേ ഉള്ളൂ. അല്ലാഹുവിനുവേണ്ടി വിനയം കാണിക്കുന്നവനെ അവൻ ഉന്നതനാക്കും" (മുസ്‌ലിം).

അല്ലാഹുവിനോടുള്ള ഭയഭക്തിയും സമസൃഷ്ടികളോടുള്ള സ്നേഹബഹുമാനവുമാണ് വിനയത്തിന്റെ അന്തസ്സത്ത. വിനയമെന്നാൽ അപകർഷബോധമോ അലസതയോ അവശതയോ അല്ല, യാഥാർഥ്യബോധവും കഴിവുകേടുകളെക്കുറിച്ച അറിവുമാണത്. സ്വന്തം സഹോദരന്റെ ആവശ്യങ്ങളും കഴിവുകളും അർഹതകളും സ്വന്തത്തേക്കാൾ പരിഗണിക്കാനും വിലമതിക്കാനും സാധിക്കേണ്ടതുണ്ട്. സത്യവിശ്വാസി അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിക്കുന്നത് കാരണം സാധുക്കളുടെ ഹൃദയത്തെ വേദനിപ്പിക്കുന്ന യാതൊന്നും പ്രവർത്തിക്കുകയില്ല. വിനയം വ്യക്തിത്വത്തെ ഉയർത്തുന്ന തോടൊപ്പം അഭിമാനത്തെ സംരക്ഷിക്കുകയും ചെയ്യുന്നു. പരമകാരുണികന്റെ അടിമകളുടെ അടിസ്ഥാന സ്വഭാവമായി വിശുദ്ധ ഖുർആൻ പറയുന്നു. "ഭൂമിയിൽ വിനീതരായി ചരിക്കുന്നവരാണ് പരമകാരുണികന്റെ ദാസന്മാർ "(ഫുർഖാൻ 63).

വിനയം അഹങ്കാരത്തെയും അതിക്രമത്തെയും നിരുത്സാഹപ്പെടുത്തുന്നു. നബി(സ) പറഞ്ഞു:"നിങ്ങൾ പരസ്പരം വിനീതരായി വർത്തിക്കണമെന്നും അങ്ങനെ ആരും ആരോടും അഹങ്കാരം നടിക്കാത്തവരും അതിക്രമം കാണിക്കാത്തവരുമാകണമെന്നും അല്ലാഹു എനിക്ക് ദിവ്യബോധനം നൽകിയിരിക്കുന്നു" (മുസ്‌ലിം). അതായത് നമ്മുടെ മനസ്സിൽനിന്ന് അഹങ്കാരവും അക്രമവാസനയും ഒഴിവാക്കാൻ നാം വിനയാന്വിതരാവുക എന്നു സാരം. പ്രവാചകൻ(സ) ഏറെ വിനയാന്വിതനായിരുന്നുവെന്ന് അവിടുത്തെ ജീവിതം സാക്ഷ്യപ്പെടുത്തുന്നു. അടിമയുടെ ക്ഷണം സ്വീകരിച്ചും കുട്ടികളോടൊപ്പം കളിച്ചും അനുയായികളുടെ കൂടെ ഇരുന്നും വലിയവരെ ബഹുമാനിച്ചും ചെറിയവരോട് കരുണ കാണിച്ചും പ്രവാചകൻ മാതൃക കാണിച്ചു. നബി(സ)യുടെ വീട്ടിലെ ചെയ്തികളെ കുറിച്ച് ആഇശ(റ)യോട് അന്വേഷിച്ചപ്പോൾ അവർ പറഞ്ഞു: "അവിടുന്ന് തന്റെ ഭാര്യമാർക്ക് വേണ്ടി ജോലി ചെയ്തുകൊണ്ടിരിക്കെ നമസ്കാര സമയമായാൽ അതിനായി പുറപ്പെടും." വിനയവും ലാളിത്യവും ജീവിതത്തിന്റെ ഭാഗമാക്കാൻ കൽപിക്കപ്പെട്ടവനാണ് സത്യവിശ്വാസി. വളരെ നിസ്സാരമെന്ന് തോന്നുന്ന കാര്യങ്ങളിൽപോലും നന്മയുള്ളതോടൊപ്പം പരലോകത്ത് നന്മയുടെ ത്രാസ്സിൽ അവ ഉപകരിക്കുമെന്നതിനാൽ പ്രവാചകൻ(സ) അത്തരം കാര്യങ്ങളെ പ്രാധാന്യപൂർവം ഉണർത്തിയിട്ടുണ്ട്. നബി(സ) പറഞ്ഞു: "നിന്റെ സഹോദരന്റെ മുഖത്ത് നോക്കിയുള്ള നിന്റെ പുഞ്ചിരി സ്വദഖയാണ്."

ഉന്നത സ്വഭാവവും പെരുമാറ്റവും സ്വീകരിച്ച് അല്ലാഹുവിൽനിന്ന് പ്രതിഫലം കൊതിക്കുന്നവനാണ് വിശ്വാസി. സൽസ്വഭാവങ്ങൾ ജീവിതത്തിൽ നിലനിർത്തുന്ന കാര്യത്തിൽ പരിശ്രമിക്കാൻ കടപ്പെട്ടവനാണവൻ. ഉമർ(റ) ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി: "ജനങ്ങളേ, നിങ്ങൾ പരസ്പരം വിനയമുള്ളവരായിരിക്കുവിൻ, നിശ്ചയം പ്രവാചകൻ(സ) പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്: വല്ലവനും അല്ലാഹുവിന്റെ പേരിൽ വിനയമുള്ളവനായാൽ അവനെ അല്ലാഹു ഉത്തമനാക്കുന്നതാണ്. അപ്പോൾ അവൻ സ്വന്തം ദൃഷ്ടിയിൽ ചെറിയവനും ജനങ്ങളുടെ ദൃഷ്ടിയിൽ മഹാനുമായിരിക്കും. ഇനി വല്ലവനും അഹങ്കരിക്കുന്നവനായാൽ അവനെ അല്ലാഹു താഴ്ത്തിക്കളയും. അപ്പോൾ അവൻ ജനങ്ങളുടെ ഇടയിൽ നീചനും സ്വന്തം ദൃഷ്ടിയിൽ മഹാനുമായിരിക്കും, എന്നാൽ അവൻ മനുഷ്യർക്കിടയിൽ നായയെക്കാളും പന്നിയെക്കാളും നീചനത്രെ."

അല്ലാഹുവിലുള്ള വിശ്വാസമാണ് വിനയത്തിന്റെ അടിസ്ഥാനം. സംസാരത്തിലും പെരുമാറ്റത്തിലും പ്രകടമാവുന്ന ലാളിത്യവും എളിമയും അതിന്റെ നിദർശനമാണ്. മഹാനായ അലി(റ) വീട്ടിലേക്കാവശ്യമായ സാധനങ്ങൾ വാങ്ങി ഇരുകൈയിലും തൂക്കിപ്പിടിച്ച് നടന്നുപോവുമ്പോൾ സഹായിക്കാൻ ആരെങ്കിലും സന്നദ്ധത പ്രകടിപ്പിച്ചാൽ ഉടനെ നന്ദിയോടെ നിരസിക്കും. എന്നിട്ട് ചെറുപുഞ്ചിരിയോടെ അവരോട് പറയും: "കുടുംബനാഥനാണ് ഇതു ചുമക്കാൻ കടപ്പെട്ടവൻ." അങ്ങാടിയിൽനിന്ന് വാങ്ങിയ വസ്ത്രമണിഞ്ഞ് ഒരു ഗ്രാമീണ ദരിദ്രനെപോലെ കഴുതപ്പുറത്ത് സഞ്ചരിക്കുന്ന ഖലീഫയോട് ഭരണാധികാരിക്ക് അനുയോജ്യമായ വസ്ത്രവും വാഹനവും ഉപയോഗിക്കാൻ ആവശ്യപ്പെടുന്നവരോട് 'എന്നെ ഇവ്വിധം ജീവിക്കാൻ അനുവദിച്ചാലും, ഞാനും അല്ലാഹുവിന്റെ ഒരെളിയ ദാസനല്ലയോ' എന്നദ്ദേഹം വിനീതനായി പറയുമായിരുന്നു. ഇങ്ങനെ ധാരാളം ഉദാഹരണങ്ങൾ പ്രവാചക അനുചരന്മാരിലും നമുക്ക് കാണാൻ സാധിക്കും. ■